**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ-ഓൺലൈൻ ക്ലാസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് ഫോണുകൾ ഇല്ലാത്തതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഡിജിറ്റൽ, ഓൺലൈൻ ക്ലാസുകൾ നഷ്ടപ്പെടുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇതര വിഭാഗങ്ങളേക്കാൾ കൂടുതലാണെന്ന് എസ്.സി.ഇ.ആർ.ടി.യുടെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | കോവിഡ്-19 കാലഘട്ടത്തിൽ കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമികവും മനോ-സാമൂഹികവുമായ അവസ്ഥയെക്കുറിച്ച് എസ്.സി.ഇ.ആർ.ടി.യും തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെന്ററും സംയുക്തമായി ഒരു ഗവേഷണ പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപകരണ ലഭ്യതയും അവർ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന്റെ തോതും ഇതര വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നേരിയ തോതിൽ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുള്ള ഡിജിറ്റൽ വിഭജനം മൂലം എത്ര ശതമാനം വിദ്യാർത്ഥികളാണ് വിദ്യാഭ്യാസരംഗത്തു നിന്ന് അകറ്റി നിർത്തപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വിഭാഗത്തിലെ കുട്ടികളിൽ ആകെ ക്ലാസ്സുകളുടെ 90% ത്തിലധികം വിക്ടേഴ്സ് ക്ലാസ്സുകൾ കണ്ടവർ 35.5% ആണ്, 50% -90 % വരെ കണ്ടവർ 40.4% ആണ്, 25%-50% വരെ ക്ലാസ്സുകൾ കാണാൻ കഴിഞ്ഞവർ 17.5% ആണ്. ഇത് പട്ടിക വര്ഗവിഭാഗത്തിൽ യഥാക്രമം 26.31% 52.6%, 10.5% എന്നിങ്ങനെയാണ്. പാഠഭാഗങ്ങൾ മനസ്സിലാക്കാനുള്ള ബുദ്ധിമുട്ടും ഇന്റർനെറ്റ് റീചാർജ് ചെയ്യാനുള്ള ബുദ്ധിമുട്ടും കാരണം ക്ലാസുകളിൽ പങ്കെടുത്തവർ ആകെ വിദ്യാർത്ഥികളിൽ 12.3% ആണ്. ഇത് പട്ടികജാതി വിഭാഗത്തിൽ 22.89% ആണ്. |
| (സി) | ഈ അവസ്ഥ ഭാവിതലമുറയെ ദോഷകരമായി ബാധിക്കുന്നതാകയാൽ സാമൂഹ്യനീതി ഉറപ്പാക്കി പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ആദിവാസി മേഖലയിലുൾപ്പെടെ സംസ്ഥാനത്തെ എല്ലാ വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസത്തിനും ഓൺലൈൻ ക്ലാസുകൾക്കും സംവിധാനങ്ങൾ ഒരുക്കി ക്കൊണ്ടാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഇതിനായി ഉപകരണങ്ങളുടെയും ഇന്റർനെറ്റ് |

| | | | |
|---|---|---|---|
| | | | കണക്ടിവിറ്റിയുടെയും ലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. |
| (ഡി) | ഇന്റർനെറ്റ് സംവിധാനങ്ങളുടെയും മറ്റ് പശ്ചാത്തല സൗകര്യങ്ങളുടെയും അഭാവത്തിൽ പഠനം നഷ്ടമാകുന്ന മലയോരപ്രദേശങ്ങളിലെയും പട്ടികവർഗ്ഗമേഖലകളിലെയും വിദ്യാർത്ഥികൾക്ക് പഠനസൗകര്യങ്ങൾ ഉറപ്പാക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ പഠനവും ഓൺലൈൻ പഠനവും ഉറപ്പ് വരുത്തുന്നതിന് മുന്തിയ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങളാണ് നടന്ന് വരുന്നത്. പിന്നാക്ക പ്രദേശങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനും ആദിവാസി മേഖലയിലെ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത കമ്പ്യൂട്ടറുകൾ തിരിച്ചെടുത്ത് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പുകൾ ശേഖരിച്ച് ഘട്ടംഘട്ടമായി കുട്ടികൾക്ക് സ്കൂളുകൾ മുഖേന വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ